# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 309 — 14.03.2018 — ൽ മറുപടിക്ക്

## റേഷൻ കടക്കാർക്കുള്ള പാക്കേജ്

**ചോദ്യം**

ശ്രീമതി ഗീതാ ഗോപി
,, ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
,, കെ. രാജൻ :

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) റേഷൻകടകൾ അനുവദിക്കുന്നതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും നിയമാനുസരണം നൽകേണ്ട വിഹിതം കേരളത്തിൽ നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എ) 1966 ലെ കേരള റേഷനിംഗ് ഓർഡറിലെ 45, 2 (എ) പ്രകാരം പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും വനിതകൾക്ക് 20 ശതമാനവും അംഗപരിമിതർക്ക് 5 ശതമാനവും റേഷൻകടകളുടെ ലൈസൻസി നിയമനത്തിൽ സംവരണം അനുവദിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിന് 50,000/- രൂപ സോൾവൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടപ്പോൾ പ്രസ്തുത വിഭാഗങ്ങൾക്ക് 15,000/- രൂപ ആക്കിയിട്ടുണ്ട്. എങ്കിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കുമായി റേഷൻകടകളുടെ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ അപേക്ഷകരുടെ അപര്യാപ്തത മൂലം മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് നിയമാനുസരണമുള്ള വിഹിതം നൽകുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ജനറൽ വിഭാഗത്തിൽ നിന്നും നിയമനം നടത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. നിലവിൽ സംവരണ തത്വം പാലിച്ചുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമാണ് വിജ്ഞാപനം നടത്തുന്നത്.

(ബി) ഇ-പോസ് യന്ത്രങ്ങൾ വഴി ധാന്യവിതരണം നടത്തിയ സ്ഥലങ്ങളിൽ റേഷൻ കടക്കാർക്കുള്ള പാക്കേജ് നടപ്പിലാക്കിയോയെന്ന് വ്യക്തമാക്കുമോ?

(ബി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് 10.11.2017 ലെ സ.ഉ(കൈ)നം.29/2017/ഭ.പൊ.വി.വ പ്രകാരമാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഇ-പോസ് യന്ത്രങ്ങൾ വഴി റേഷൻ വിതരണം ആരംഭിച്ച കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 കടകൾക്ക് മേൽ ഉത്തരവ് പ്രകാരമുള്ള കമ്മീഷൻ പാക്കേജ് ജനുവരി മാസത്തിൽ 01.03.18 ലെ (സി.എസ്) എ9-4350/18 നം. നടപടിക്രമ പ്രകാരം (അനുബന്ധം - 2) അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

# കേരള സർക്കാർ

## സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം — സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പുവരുത്തിക്കൊണ്ടുള്ള പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(കൈ) നം.29/2017/ഭ.പൊ.വി.വ — തിരുവനന്തപുരം, തീയതി 10.11.2017

---

പരാമർശം :- 1) റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് സംബന്ധിച്ച കമ്മിറ്റി സമർപ്പിച്ച ശുപാർശ

2) 31.05.17-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

## ഉത്തരവ്

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് ഒരു കമ്മീഷൻ പാക്കേജ് നടപ്പിലാക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ ചെയർമാനായി ചില്ലറ റേഷൻ വ്യാപാരികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റി പരാമർശം (1) പ്രകാരം ഒരു ശുപാർശ സർക്കാരിന് സമർപ്പിച്ചു. ഇക്കാര്യത്തിൽ റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പരാമർശം (2) ആയി ചേർന്ന യോഗം കമ്മിറ്റി ശുപാർശകളെപ്പറ്റി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ശുപാർശകളുടെ വെളിച്ചത്തിൽ യോഗം ചില പ്രാഥമിക നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു.

2) പരാമർശങ്ങളിലെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (2)ലെ നിർദ്ദേശപ്രകാരം 45 ക്വിന്റൽ എങ്കിലും വിൽക്കുന്നവർക്ക് കുറഞ്ഞ കമ്മീഷൻ പ്രതിമാസം 16,000/- രൂപ ആയി നിജപ്പെടുത്തിക്കൊണ്ടും കൈകാര്യം ചെയ്യുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിന് ആനുപാതികമായി താഴെ പറയുന്ന നിബന്ധനകൾ ഏർപ്പെടുത്തിക്കൊണ്ടും സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പാക്കേജിൽ മിനിമം കമ്മീഷനായി നിശ്ചയിച്ചിരിക്കുന്ന 16000/- രൂപ ലഭിക്കുന്നതിന് പ്രതിമാസം കുറഞ്ഞത് 45 ക്വിന്റൽ ഭക്ഷ്യധാന്യമെങ്കിലും വിതരണം നടത്തേണ്ടതാണ്.

2) റേഷൻവ്യാപാരിക്ക് ഡീലേഴ്സ് കമ്മീഷൻ ലഭിക്കുന്നത് വിറ്റഴിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിനെ അടിസ്ഥാനമാക്കിയായിരിക്കും.

3) ഇ-പോസ് മുഖേനയുള്ള വിപണനത്തിന് പരാമർശം (1) പ്രകാരം റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് കമ്മിറ്റി ശുപാർശ ചെയ്ത ട്രാൻസാക്ഷൻ നിരക്കും വിൽക്കുന്ന ഭക്ഷ്യധാന്യത്തിന് ശുപാർശ ചെയ്ത കമ്മീഷൻനിരക്കും ഏകോപിപ്പിച്ച് 220രൂപ/ക്വിൻറൽ എന്ന നിരക്കിലായിരിക്കും വ്യാപാരിക്ക് ലഭ്യമാകുക.

4) 45 ക്വിന്റലോ അതിൽ കുറവോ റിക്വയർമെൻറുള്ള വ്യാപാരിക്ക് വിൽപ്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന് 220രൂപ/ക്വിന്റൽ നിരക്കിൽ കമ്മീഷനും സപ്പോർട്ടീവ് പേയ്മെന്റായി പരമാവധി 6100/- രൂപയും നിബന്ധന (9) ലെ ഏകീകരണം പൂർത്തിയാകുന്നത് വരെ ലഭിക്കുന്നതാണ്.

5) 45 ക്വിന്റൽ മുതൽ 72 ക്വിന്റൽ വരെ ഭക്ഷ്യധാന്യം റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപ്പന കൈവരിച്ചാൽ 16000/- രൂപ ഡീലേഴ്സ് മാർജിൻ ലഭിക്കുന്നതിനാവശ്യമായ തുക സപ്പോർട്ടീവ് പേയ്മെന്റായി ലഭിക്കുന്നതാണ്.

6) 73 ക്വിൻറലോ അതിലധികമോ ഭക്ഷ്യധാന്യ റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപ്പന കൈവരിച്ചാൽ വിൽപ്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന് ക്വിൻറലിന് 220രൂപ നിരക്കിൽ ഡീലേഴ്സ് കമ്മീഷൻ ലഭ്യമാകുന്നതാണ്. എന്നാൽ ഇവർക്ക് സപ്പോർട്ടീവ് പേയ്മെൻറിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

7) 100% ഓഫ്ടേക്ക് കൈവരിക്കാത്തവർക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനിൽ ആനുപാതികമായ കുറവുണ്ടാകുന്നതാണ്.

8) ഓരോ റേഷൻകടയിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് വിപണനം ആരംഭിക്കുന്നത് മുതലായിരിക്കും വ്യാപാരികൾക്ക് മേൽനിരക്കിലെ കമ്മീഷന് അർഹതയുണ്ടാവുക. ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതു വരെ 100/- രൂപ / ക്വിന്റൽ എന്ന കമ്മീഷൻ നിരക്ക് തുടരുന്നതാണ്.

9) വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി, വ്യാപാരിക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനും കുറവുണ്ടാകുന്നത് പരിഹരിയ്ക്കാൻ റേഷൻ കാർഡുകളുടെ എണ്ണവും ഭക്ഷ്യധാന്യത്തിന്റെ അളവും ഏകദേശം ശരാശരി തുക എല്ലാ കടകൾക്കും കമ്മീഷൻ ലഭിക്കുന്ന രീതിയിൽ 2018 മാർച്ച് 31-ന് മുമ്പ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കും. അതുവരെ ആകും സപ്പോർട്ടീവ് പേയ്മെന്റ് ലഭ്യമാകുക.

3) പാക്കേജ് നടപ്പാക്കുന്ന ഇനത്തിൽ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനായി അന്ത്യോദയ അന്നയോജന വിഭാഗം ഒഴികെയുള്ളവരിൽ നിന്നും കിലോഗ്രാമിന് 1/- രൂപ നിരക്കിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന അന്നു മുതൽ കൈകാര്യ ചെലവ് ഈടാക്കേണ്ടതാണ്. ഇതിനും പുറമേ ആവശ്യമായി വരുന്ന 44.99 കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷനായി വകയിരുത്തുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി**
**സ്പെഷ്യൽ സെക്രട്ടറി**

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം
5. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
6. ധനകാര്യവകുപ്പ് (vide U.O No.Agri-A1/40/2017-Fin dated 12.04.2017)
7. പൊതുഭരണ (എസ്.സി) വകുപ്പ്
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. ഭക്ഷ്യപൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം
സിവിൽ സപ്ലൈസ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: ഡോ.നരസിംഹുഗാരി.ടി.എൽ.റെഡ്ഡി, ഐ.എ.എസ്)

നം.(സിഎസ്)എ9-4350/18 തിരുവനന്തപുരം, തീയതി: 01.03.2018

വിഷയം:- പൊ.വി. - കൊല്ലം ജില്ല - കരുനാഗപ്പള്ളി താലൂക്ക് - റേഷൻ ഡിപ്പോയിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചത് - 2018 ജനുവരി മാസത്തിലെ കമ്മിഷൻ അനുവദിക്കുന്നത് - സംബന്ധിച്ച്

വായന:- സർക്കാരിന്റെ 10/11/17-ലെ സ.ഉ(കൈ) നം.29/2017/ഭ.പൊ.വി.വ നമ്പർ ഉത്തരവ്

*****

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിലെ 60 എആർഡികളിൽ 2018 ജനുവരി മാസം മുതൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വിതരണം നടത്തി വരുന്നു. ടി എആർഡി കൾക്ക് സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള കമ്മീഷൻ അനുവദിച്ച് നൽകേണ്ടതുണ്ട്.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം 45 ക്വിന്റലോ അതിൽ കുറവോ റിക്വയർമെന്റുള്ള വ്യാപാരിക്ക് വില്പന നടത്തുന്ന ഭക്ഷ്യ ധാന്യത്തിന് 220രൂപ നിരക്കിൽ കമ്മീഷനും സപ്പോർട്ടീവ് പേയ്മെന്റ് ആയി പരമാവധി 6100/-രൂപയും ലഭിക്കുന്നതാണ്. 45ക്വിന്റൽ മുതൽ 72 ക്വിന്റൽ വരെ ഭക്ഷ്യധാന്യ റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപന കൈവരിച്ചാൽ 16000 രൂപ ഡീലേഴ്സ് മാർജിൻ ലഭിക്കുന്നതിന് ആവശ്യമായ തുക സപ്പോർട്ടീവ് പേയ്മെന്റായി ലഭിക്കുന്നതാണ്. 72ക്വിന്റലിൽ കൂടുതൽ റിക്വയർമെന്റുള്ള വ്യാപാരിക്ക് 100% വിൽപ്പന കൈവരിച്ചാൽ വില്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന് ക്വിന്റലിന് 220രൂപ നിരക്കിൽ ഡീലേഴ്സ് കമ്മീഷൻ ലഭിക്കുന്നതാണ്. എന്നാൽ സപ്പോർട്ടീവ് പേയ്മെന്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

മേൽ പറഞ്ഞ പ്രകാരം കരുനാഗപ്പള്ളി താലൂക്കിലെ 60 എആർഡികൾക്ക് 2018 ജനുവരി മാസത്തിൽ ആകെ 936972/-രൂപ അനുവദിക്കുവാനുണ്ട്. ആയതിൽ ജനുവരി മാസത്തെ അലോട്ട്മെന്റ് പ്രകാരം ക്വിന്റലിന് 100 രൂപ നിരക്കിൽ അരിക്കും ഗോതമ്പിനും 344479 രൂപയും ആട്ടക്ക് കിലോക്ക് 75/-പൈസ നിരക്കിൽ 25193രൂപയും കമ്മിഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ എഎവൈ ഒഴികെയുള്ള ഭക്ഷ്യധാന്യങ്ങൾക്ക് 1രൂപ നിരക്കിൽ 308170രൂപയും വ്യാപാരികൾക്ക് ലഭിച്ചിട്ടുണ്ട്. ഈ തുക കുറവ് ചെയ്ത് നൽകേണ്ടതുണ്ട്.

വ്യാപാരികൾക്ക് അനുവദിക്കാനുള്ള ആകെ തുകയായ 936972 രൂപയിൽ നിന്നും അനുവദിച്ച തുകയായ 677850/- രൂപ കുറവ് ചെയ്ത് 259122 (രണ്ട് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി ഒരുന്നൂറ്റി ഇരുപത്തിരണ്ട് രൂപ) 2408-01-101-98-33 (NP) സബ്സിഡി എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. ടി. തുക കരുനാഗപ്പള്ളി താലൂക്ക് സപ്ലൈ ഓഫീസറുടെ കരുനാഗപ്പള്ളി സബ് ട്രഷറിയിലെ **STSB 703031400000116** അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി അസിസ്റ്റന്റ് സെക്രട്ടറി-1 സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത തുക കരുനാഗപ്പള്ളി താലൂക്ക് സപ്ലൈ ഓഫീസർ ബാങ്ക് ട്രാൻസ്ഫർ മുഖേന എആർഡി കൾക്ക് വിതരണം നടത്തേണ്ടതാണ്. അനുവദനീയമായ തുക ഒരിക്കൽകൂടി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. താലൂക്ക് സപ്ലൈ ഓഫീസർ തുക 15/03/18നകം വിതരണം ചെയ്ത് 31-03-2018നകം ചീഫ് അക്കൗണ്ട്സ് ഓഫീസർക്ക് പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്/-
സിവിൽ സപ്ലൈസ് ഡയറക്ടർ

താലൂക്ക് സപ്ലൈ ഓഫീസർ, കരുനാഗപ്പള്ളി
പകർപ്പ്;- സബ് ട്രഷറി, വെള്ളയമ്പലം
ജില്ലാ സപ്ലൈ ഓഫീസർ, കൊല്ലം
ചീഫ് അക്കൗണ്ട്സ് ഓഫീസർ
അസിസ്റ്റന്റ് സെക്രട്ടറി-1
എച്ച്എ, എച്ച് 1 സീറ്റ്

//അംഗീകാരത്തോടെ//

അസിസ്റ്റന്റ് സെക്രട്ടറി-II

റ്റി3- 01/03/2018

Commission - 60 ARDs of Karunagapally - January 2018

| | FPS | AAY | QUIREM | Offtake | | | Commission to be paid | | | Commission already paid | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Ration Cards | Total | Offtake_include_Atta | Offtake % | Atta_only | Commission | Supportive Payment | Total | Commn @100 | Collected @ Re 1 | Atta_Coomn @0.75 | Total Paid | Balance to be paid |
| 1 | 94 | 49 | 8088 | **7618** | 94.2% | 631 | 16760 | 0 | 16760 | 6987 | 6022 | 473.25 | 13482 | 3278 |
| 2 | 95 | 20 | 7914 | **7009** | 88.6% | 600 | 15420 | 0 | 15420 | 6409 | 6427 | 450 | 13286 | 2134 |
| 3 | 97 | 95 | 10700 | **9658.2** | 90.3% | 812 | 21248 | 0 | 21248 | 8846 | 6568.2 | 609 | 16023 | 5225 |
| 4 | 98 | 36 | 6496 | **5983** | 92.1% | 497 | 13163 | 1709 | 14872 | 5486 | 4933 | 372.75 | 10792 | 4080 |
| 5 | 99 | 27 | 8470 | **7747** | 91.5% | 701 | 17043 | 0 | 17043 | 7046 | 6937 | 525.75 | 14509 | 2534 |
| 6 | 100 | 32 | 6727 | **5915.3** | 87.9% | 631 | 13014 | 1201 | 14215 | 5284 | 4974.3 | 473.25 | 10732 | 3483 |
| 7 | 101 | 22 | 6943 | **6480.2** | 93.3% | 523 | 14256 | 725 | 14981 | 5957 | 5758.2 | 392.25 | 12107 | 2874 |
| 8 | 102 | 61 | 10080 | **9168** | 91.0% | 700 | 20170 | 0 | 20170 | 8468 | 7174 | 525 | 16167 | 4003 |
| 9 | 103 | 19 | 6606 | **5620** | 85.1% | 561 | 12364 | 1467 | 13831 | 5059 | 5060 | 420.75 | 10540 | 3291 |
| 10 | 104 | 49 | 6827 | **5983** | 87.6% | 618 | 13163 | 981 | 14144 | 5365 | 4495 | 463.5 | 10324 | 3820 |
| 11 | 105 | 57 | 11317 | **9869.1** | 87.2% | 836.1 | 21712 | 0 | 21712 | 9033 | 8195.1 | 627.075 | 17855 | 3857 |
| 12 | 106 | 25 | 7533 | **7146** | 94.9% | 617 | 15721 | 0 | 15721 | 6529 | 6306 | 462.75 | 13298 | 2423 |
| 13 | 107 | 35 | 6397 | **5773.3** | 90.3% | 565 | 12701 | 1927 | 14628 | 5208 | 4742.3 | 423.75 | 10374 | 4254 |
| 14 | 108 | 49 | 8980 | **8419** | 93.8% | 688 | 18522 | 0 | 18522 | 7731 | 6769 | 516 | 15016 | 3506 |
| 15 | 109 | 25 | 5303 | **4823.3** | 91.0% | 450 | 10611 | 4333 | 14944 | 4373 | 4055.3 | 337.5 | 8766 | 6178 |
| 16 | 110 | 32 | 8458 | **8008** | 94.7% | 600 | 17618 | 0 | 17618 | 7408 | 6925 | 450 | 14783 | 2835 |
| 17 | 111 | 49 | 8959 | **8247** | 92.1% | 743 | 18143 | 0 | 18143 | 7504 | 6882 | 557.25 | 14943 | 3200 |
| 18 | 112 | 27 | 6117 | **5644** | 92.3% | 559 | 12417 | 2543 | 14960 | 5085 | 4907 | 419.25 | 10411 | 4549 |
| 19 | 113 | 49 | 7166 | **6344** | 88.5% | 526 | 13957 | 235 | 14192 | 5818 | 4779 | 394.5 | 10992 | 3200 |
| 20 | 114 | 49 | 9543 | **9117** | 95.5% | 834 | 20057 | 0 | 20057 | 8283 | 7497 | 625.5 | 16406 | 3651 |
| 21 | 115 | 11 | 1579 | **1696** | 107.4% | 192 | 3731 | 6100 | 9831 | 1504 | 1311 | 144 | 2959 | 6872 |
| 22 | 116 | 33 | 5226 | **4224.5** | 80.8% | 447 | 9294 | 4503 | 13797 | 3778 | 3244.5 | 335.25 | 7358 | 6439 |
| 23 | 117 | 48 | 6336 | **6230** | 98.3% | 480 | 13706 | 2061 | 15767 | 5750 | 4636 | 360 | 10746 | 5021 |
| 24 | 118 | 13 | 4218 | **4226.5** | 100.2% | 663 | 9298 | 6100 | 15398 | 3564 | 3839 | 497.25 | 7900 | 7498 |
| 25 | 119 | 11 | 4404 | **4125** | 93.7% | 426 | 9075 | 6100 | 15175 | 3699 | 3810 | 319.5 | 7829 | 7346 |
| 26 | 120 | 44 | 7519 | **6183** | 82.2% | 749 | 13603 | 0 | 13603 | 5434 | 5028 | 561.75 | 11024 | 2579 |
| 27 | 121 | 50 | 8419 | **7832** | 93.0% | 846 | 17230 | 0 | 17230 | 6986 | 6188 | 634.5 | 13809 | 3421 |

ta

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 28 | 122 | 58 | 8157 | 7384 | 90.5% | 755 | 16245 | 0 | 16245 | 6629 | 5459 | 566.25 | 12654 | 3591 |
| 29 | 123 | 52 | 7022 | 6240 | 88.9% | 638 | 13728 | 552 | 14280 | 5602 | 4657 | 478.5 | 10738 | 3542 |
| 30 | 124 | 41 | 6945 | 6037 | 86.9% | 32 | 13281 | 721 | 14002 | 6005 | 4645 | 24 | 10674 | 3328 |
| 31 | 125 | 48 | 6048 | 5741.99 | 94.9% | 490 | 12632 | 2694 | 15326 | 5252 | 4204 | 367.5 | 9824 | 5502 |
| 32 | 126 | 31 | 4997 | 4504 | 90.1% | 526 | 9909 | 5007 | 14916 | 3978 | 3579 | 394.5 | 7952 | 6964 |
| 33 | 127 | 49 | 7899 | 7340 | 92.9% | 572 | 16148 | 0 | 16148 | 6768 | 5804 | 429 | 13001 | 3147 |
| 34 | 128 | 39 | 7753 | 6797 | 87.7% | 521 | 14953 | 0 | 14953 | 6276 | 5614 | 390.75 | 12281 | 2672 |
| 35 | 129 | 20 | 5327 | 4731 | 88.8% | 385 | 10408 | 4281 | 14689 | 4346 | 4071 | 288.75 | 8706 | 5983 |
| 36 | 130 | 45 | 6098 | 5652 | 92.7% | 552 | 12434 | 2584 | 15018 | 5100 | 4212 | 414 | 9726 | 5292 |
| 37 | 131 | 33 | 7393 | 7377 | 99.8% | 650 | 16229 | 0 | 16229 | 6727 | 6247 | 487.5 | 13462 | 2767 |
| 38 | 132 | 27 | 6079 | 5645 | 92.9% | 524 | 12419 | 2626 | 15045 | 5121 | 4805 | 393 | 10319 | 4726 |
| 39 | 133 | 45 | 8848 | 7502 | 84.8% | 410 | 16504 | 0 | 16504 | 7092 | 6118 | 307.5 | 13518 | 2986 |
| 40 | 134 | 41 | 6546 | 5845 | 89.3% | 537 | 12859 | 1599 | 14458 | 5308 | 4661 | 402.75 | 10372 | 4086 |
| 41 | 135 | 32 | 6543 | 6233 | 95.3% | 550 | 13713 | 1605 | 15318 | 5683 | 5132 | 412.5 | 11228 | 4090 |
| 42 | 136 | 32 | 7042 | 6691 | 95.0% | 500 | 14720 | 508 | 15228 | 6191 | 5706 | 375 | 12272 | 2956 |
| 43 | 137 | 33 | 6134 | 5827 | 95.0% | 464 | 12819 | 2505 | 15324 | 5363 | 4672 | 348 | 10383 | 4941 |
| 44 | 138 | 39 | 6416 | 6060 | 94.5% | 572 | 13332 | 1885 | 15217 | 5488 | 4800 | 429 | 10717 | 4500 |
| 45 | 139 | 45 | 7525 | 7161 | 95.2% | 740 | 15754 | 0 | 15754 | 6421 | 5656 | 555 | 12632 | 3122 |
| 46 | 140 | 9 | 2048 | 1778 | 86.8% | 185 | 3912 | 6100 | 10012 | 1593 | 1465 | 138.75 | 3197 | 6815 |
| 47 | 141 | 47 | 7916 | 7117 | 89.9% | 666 | 15657 | 0 | 15657 | 6451 | 5507 | 499.5 | 12458 | 3199 |
| 48 | 149 | 11 | 3713 | 3283 | 88.4% | 492 | 7223 | 6100 | 13323 | 2791 | 2898 | 369 | 6058 | 7265 |
| 49 | 165 | 37 | 6584 | 6233 | 94.7% | 795 | 13713 | 1515 | 15228 | 5438 | 5041 | 596.25 | 11075 | 4153 |
| 50 | 169 | 40 | 10690 | 9712.2 | 90.9% | 748 | 21367 | 0 | 21367 | 8964 | 8349.2 | 561 | 17874 | 3493 |
| 51 | 172 | 31 | 6214 | 5784 | 93.1% | 615 | 12725 | 2329 | 15054 | 5169 | 4803 | 461.25 | 10433 | 4621 |
| 52 | 175 | 32 | 7258 | 6903 | 95.1% | 500 | 15187 | 0 | 15187 | 6403 | 5814 | 375 | 12592 | 2595 |
| 53 | 176 | 30 | 7491 | 7004 | 93.5% | 500 | 15409 | 0 | 15409 | 6504 | 5989 | 375 | 12868 | 2541 |
| 54 | 178 | 23 | 5928 | 5682 | 95.9% | 400 | 12500 | 2958 | 15458 | 5282 | 4913 | 300 | 10495 | 4963 |
| 55 | 179 | 29 | 5884 | 5881 | 99.9% | 449 | 12938 | 3055 | 15993 | 5432 | 4963 | 336.75 | 10732 | 5261 |
| 56 | 186 | 41 | 6974 | 6599 | 94.6% | 520 | 14518 | 657 | 15175 | 6079 | 5316 | 390 | 11785 | 3390 |
| 57 | 187 | 22 | 4388 | 4057 | 92.5% | 420 | 8925 | 6100 | 15025 | 3637 | 3357 | 315 | 7309 | 7716 |
| 58 | 242 | 37 | 7129 | 7000 | 98.2% | 601 | 15400 | 316 | 15716 | 6399 | 5100 | 450.75 | 11950 | 3766 |
| 59 | 246 | 31 | 5088 | 4333 | 85.2% | 520 | 9533 | 4806 | 14339 | 3813 | 3493 | 390 | 7696 | 6643 |
| 60 | 251 | 35 | 5123 | 4847.3 | 94.6% | 267 | 10664 | 4729 | 15393 | 4580 | 3657.3 | 200.25 | 8438 | 6955 |
| | | | | | | | 831755 | 105217 | 936972 | 344479 | 308170.4 | 25193.33 | 677850 | 259122 |